പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.379 — 28.10.2019 ൽ മറുപടിയ്ക്ക്

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.യു.ആർ.പ്രദീപ്
ശ്രീ.പി.വി. അൻവർ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രാജ്യത്താകമാനമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാനത്ത് കൂടുതലായി ബാധിക്കാത്ത വിധം പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | വിപണിയിലുണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി വഴി വില വർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സംവിധാനങ്ങൾ ഉപയോഗിച്ച് നാഫെഡ് മുഖേന ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് അവശ്യസാധനങ്ങൾ സംഭരിച്ച് സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ഗ്രാമീണ മേഖലകൾക്ക് പ്രാമുഖ്യം നൽകി കൂടുതൽ വില്പന ശാലകൾ തുറന്നും ഉത്സവ സീസണുകളിൽ പ്രത്യേക ചന്തകൾ നടത്തിയും പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി വരുന്നു. സവാള വില വർദ്ധനയെ തുടർന്ന് നാഫെഡിൽ നിന്ന് സംഭരിച്ച് 38/- രൂപയ്ക്ക് വിതരണം നടത്തിയതിനെ തുടർന്ന് സവാള വിലവർദ്ധനവ് തടയുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | | |
| (സി) | പൊതുജനങ്ങളെ വിലക്കയറ്റത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഗ്രാമപ്രദേശങ്ങളിലുൾപ്പെടെ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റ് രീതിയിൽ പ്രവർത്തിക്കുന്ന വിൽപ്പനശാലകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ, വിപണന സാധ്യത കണക്കിലെടുത്തും ഗ്രാമീണ മേഖലയ്ക്ക് മുൻതൂക്കം നൽകിയും പുതിയ സൂപ്പർ മാർക്കറ്റുകൾ ആവശ്യമായ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 2018-19 സാമ്പത്തിക വർഷം 86 വിൽപ്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 23 വിൽപ്പനശാലകളും സൂപ്പർ മാർക്കറ്റ് ശ്രേണിയിലേക്ക് അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ